## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4931** — **23.03.2018**-ൽ മറുപടിയ്ക്ക്

## ഓച്ചിറ ഐ.ടി.ഐ.യോടനുബന്ധിച്ചുള്ള ഹോസ്റ്റലിന്റെ പ്രവർത്തനം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ആർ. രാമചന്ദ്രൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവൃത്തിക്കുന്ന ഓച്ചിറ ഐ.ടി.ഐ യോടനുബന്ധിച്ചുള്ള ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | ഓച്ചിറ ഐ.റ്റി.ഐ.യോടനുബന്ധിച്ച് നിർമ്മിച്ച ഹോസ്റ്റൽ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. കെയർടേക്കർ, ഫുൾ ടൈം സ്വീപ്പർ എന്നീ ജീവനക്കാരെ താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഇന്റർവ്യൂ നടത്തി കെയർടേക്കറെയും, ഫുൾ ടൈം സ്വീപ്പറെയും നിയമിച്ചു കൊണ്ട് ഹോസ്റ്റലിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനത്തിലെ വിവിധ കോഴ്സുകൾക്ക് സർക്കാരിന്റെയും പി.എസ്.സി-യുടെയും അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | ഓച്ചിറ ഐ.റ്റി.ഐ.യിൽ നിലവിലുള്ള കോഴ്സുകളായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നിവയ്ക്ക് സർക്കാരിന്റെയും പി.എസ്.സി.യുടെയും അംഗീകാരം ലഭിച്ചിട്ടുണ്ട്. |
| (സി) | ടി സ്ഥാപനത്തിലെ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കുമോ? | (സി) | 1) ട്രെയിനിംഗ് സൂപ്രണ്ട് & പ്രിൻസിപ്പാൾ - 1<br>2) ട്രെയിനിംഗ് ഇൻസ്ട്രക്ടർ (ഡി/സിവിൽ) - 2<br>3) ട്രെയിനിംഗ് ഇൻസ്ട്രക്ടർ (പ്ലംബർ) - 1<br>4) എ.സി.ഡി.ഇൻസ്ട്രക്ടർ (ഗസ്റ്റ്) - 1<br>5) ആഫീസ് അറ്റൻഡന്റ് - 1<br>6) സ്വീപ്പർ-കം-വാച്ച്മാൻ - 1 (ദിവസ വേതനം) |

സെക്ഷൻ ഓഫീസർ